ആഡിറ്റ് നടത്തുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ ഏജൻസിയെ നിർദ്ദേശിക്കുന്നതിന് ഇൻഡ്യാഗവൺമെൻറിലെ കെമിക്കൽസ് മന്ത്രി കാര്യാലയത്തിനോടപേക്ഷിച്ചിട്ടുണ്ട്.

റവന്യൂബോർഡ് അംഗത്തെക്കൊണ്ടുള്ള അന്വേഷണത്തിനുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

(സി) തിരുവനന്തപുരം ടൈറ്റാനിയം പ്രോഡക്ട്സിൻെറ പ്രവർത്തന ഫലമായി പ്രതിദിനം 3000 ഘനമീറ്റർ മലിനജലം പ്രത്യേകം നിർമ്മിച്ചിട്ടുള്ള ഓടവഴി കടലിലേക്ക് വിടുന്നുണ്ട്. തൻമൂലം മലിനീകരണം നടക്കുന്നു എന്നുള്ളതിനാൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി (N.I.O.) യുടെ ചുമതലയിൽ വിശദമായ ഒരു സർവ്വെ നടത്തി. മലിനീകരണം തടയുന്നതിനുള്ള പ്രതിവിധികളും പ്രസ്തുത സ്ഥാപനം നിർദ്ദേശിച്ചു. 750 മീറ്റർ കടലിനുള്ളിലേക്ക് കടൽത്തട്ടിനടിയിൽ ഒരു മീറ്ററോളം കുഴിച്ചിട്ടിരിക്കുന്ന പൈപ്പ് വഴി മലിനജലം ഒഴുക്കിക്കളയുക എന്നതാണ് പ്രധാന നിർദ്ദേശം. മലിനജലത്തിലുള്ള ആസിഡിൻെറ അംശം കൂടുതൽ വെള്ളം ചേർത്ത് ശുദ്ധിചെയ്ത ശേഷമാണ് കടലിലേക്ക് ഒഴുക്കുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രൂപീകരിച്ച ഒരു കമ്മിറ്റിയും ഇത് അംഗീകരിച്ചു. പക്ഷേ സ്ഥലവാസികളുടെ പരാതിമൂലം പ്രശ്നം ചർച്ച ചെയ്തു പരിഹാരം കാണാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. നിരവധി ചർച്ചകൾ നടത്തിയശേഷം 10-7-1984-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഒരു യോഗത്തിൽ ഒരു സ്പെഷ്യൽ കമ്മിറ്റിയെ ഇക്കാര്യം വിശദമായി പഠിക്കാൻ നിയമിച്ചു. കമ്മിറ്റിയുടെ ശുപാർശകൾ വീണ്ടും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തു. സ്ഥലവാസികളുടെ പ്രതിനിധികളുമായി വീണ്ടും ചർച്ച ചെയ്തു ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്.

Blind Persons in the State

331 [513] **Shri Stephen Padua** : Will the Chief Minister be pleased to state :

The number of blind persons in the State ?

Answer

The number of totally blind persons in the State as per the Census of of India 1981 is 8,178.

"ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ" എന്ന സ്ഥാപനത്തിന് സംഭാവന നൽകണമെന്ന നിർദ്ദേശം

332 [514] ശ്രീ. സി. വാസുദേവമേനോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടുകാൽ (ബാലരാമപുരം) കേന്ദ്രമാക്കി ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ട്രസ്റ്റിൽ സംഭാവന നൽകണമെന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നുവോ ;

(സി) അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും പ്രസ്തുത ട്രസ്റ്റിൽ സംഭാവന നൽകാൻ ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ ആരാണ് നൽകിയത് ?

LIBRARY ARCHIVES Kerala Legislative Assembly